**2 0 2 5 - 2 6 സാമ്പത്തിക വർഷത്തെ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ ക്കുള്ള വിവിധ സ്കോളർഷിപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20.01.2026 - വരെ ദീർഘിപ്പിച്ചിരിക്കുന്നു**

**പ്രസിദ്ധീകരണത്തിലേയ്ക്ക്**

2025-26 അദ്ധ്യയന വർഷത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള **"പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh), സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് (Renewal), ഐ റ്റി സി ഫീ റീ ഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്, സിഎ/സിഎം.എ/സി.എസ് സ്കോളർഷിപ്പ്, എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്, സിവിൽ സർവ്വീസ് സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്" എന്നീ സ്കോളർഷിപ്പുകൾക്കുള്ള അവസാന തിയതി 09/01/2026 തീയതി വരെയും സി എം റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റിസ് സ്കോളർഷിപ്പിനുള്ള അവസാന തിയതി 15/01/2026 വരെയും നിശ്ചയിച്ച് അപേക്ഷകൾ സമർപ്പിക്കുന്നതിനായി അറിയിപ്പ് നലകിയിരുന്നു.**

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ(എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പുകൾ ലഭിക്കുന്നത്.

എന്നാൽ അപേക്ഷകൾ ലഭിച്ചതിൽ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടതിനാൽ അപേക്ഷകൾ സമർ പ്പിക്കുന്നതിനായുള്ള അവസാന തീയതി 20/01/2026 വരെയുംസ്ഥാപനമേധാവികൾ പ്രസ്തുത അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി 22.01.2026 വരെയും ദീർഘിപ്പിക്കുന്നു.

*www.mwdscholarship.kerala.gov.in* – എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. **20.01.2026.**

കൂടുതൽ വിവരങ്ങൾക്ക് **0471 -2300523, 0471 ,2300524, 0471-2302090** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

SABIN SAMEED IAS

DIRECTOR

Signed by
Sabin Sameed
Date: 09-01-2026 14:45:54